## പതിമുന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2781 — 19.12.2012-ൽ മറുപടിയ്ക്ക്

### ഏജ് ഹാൾട്ട് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ<br>" ഹൈബി ഈഡൻ<br>" പി.എ.മാധവൻ<br>" കെ. ശിവദാസൻ നായർ | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) (എ) കെ. റ്റി. ഡി. സി യുടെ ഏജ് ഹാൾട്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യ-ങ്ങൾ എന്തെല്ലാം ; | (എ) കെ.ടി.ഡി.സി -യുടെ പ്രമുഖ റിസോർട്ടുകൾ വഴി നടത്തപ്പെടുന്ന വിവിധ ആയുർവേദ പാക്കേജുകളെ യാണ് ഏജ് ഹാൾട്ട് (പ്രായ വിരാമം) എന്ന ബ്രാൻഡിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. കെ.ടി.ഡി. സി-യ്ക്ക് കേരളത്തിലെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഹോട്ടൽ ശൃംഖല ഉള്ളതിനാൽ കെ.ടി.ഡി.സി റിസോർട്ടുകളിലെ ആയുർവേദ പാക്കേജുകൾ തിരഞ്ഞെടുക്കുന്ന ഒരാൾക്ക് ഒരു റിസോർട്ടിൽ തുടങ്ങുന്ന ആയുർവ്വേദ ചികിത്സ കേരളത്തിലെ മറ്റൊരു ടൂറിസ്റ്റ് കേന്ദ്രം സന്ദർശിക്കുന്നതിനോടൊപ്പം തുടരാ-നാകും എന്നതാണ് ഇതിന്റെ മെച്ചം. കേരളത്തിലെ പ്രമുഖ ആയുർവ്വേദ കേന്ദ്രമായ ശാന്തിഗിരിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തനിമയാർന്ന ആയുർവ്വേദ ചികി- |

ത്സയും ഗുണമേന്മയുള്ള ഔഷധങ്ങ-ളുമാണ് ഇതിന്റെ പ്രത്യേകത.

(ബി) ഏതെല്ലാം റിസോർട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ;

(ബി) കോവളത്തെ സമുദ്ര, കൊച്ചിയിലെ ബോൾഗാട്ടി പാലസ് & ഐലെന്റ് റിസോർട്ട്, മൂന്നാറിലെ ടീ കൗണ്ടി, തേക്കടിയിലെ ആരണ്യ നിവാസ്, ലേക്ക് പാലസ്, കുമരകത്തെ വാട്ടർ സ്കേപ്സ് എന്നീ റിസോർട്ടുകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നത് ;

സമുദ്ര, ബോൾഗാട്ടി പാലസ് & ഐലെന്റ് റിസോർട്ട്, ടീ കൗണ്ടി, ലേക്ക് പാലസ്, ആരണ്യ നിവാസ്, വാട്ടർ സ്കേപ്സ് എന്നീ റിസോർട്ടുകളിലെ ആയുർവേദ കേന്ദ്രങ്ങൾ തിരുവനന്തപുരം ആസ്ഥാനമായുള്ള ശാന്തിഗിരി ആശ്രമത്തിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. തിരുവനന്തപുരത്തെ മസ്കറ്റ് ഹോട്ടലിലെ ആയുർവേദ കേന്ദ്രത്തിന്റെ പ്രവർത്തനം പാലക്കാട് ആസ്ഥാനമായ കൈരളി ആയുർവേദ സെന്ററിനെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) ഏതെല്ലാം പാക്കേജുകളാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഒരു റിസോർട്ടിൽ താമസിച്ച് ചികിത്സിക്കാവുന്നവയാണ് ഏജ് ഹാൾട്ട് പാക്കേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആരോഗ്യം (പൊതു ഉണർവ്വ്), സൗഖ്യം (ശാരീരിക

സ്വാസ്ഥ്യം), സുഖനിദ്ര (നല്ല ഉറക്കം), വദന കാന്തി (നേത്ര ചികിത്സയും സൗഖ്യവും), ദേഹ കാന്തി (ചർമ്മ സംരക്ഷണം), നേത്ര രക്ഷ (കാട്രാക്ട് അനന്തര ചികിത്സ), ആയുഷ് (പ്രായ വിരാമം ചികിത്സ) എന്നീ പാക്കേജുകൾക്ക് 1,900 രൂപ മുതൽ 1,20,000 രൂപ വരെയാണ് ചാർജ്. ഒരു ദിവസം മുതൽ 21 ദിവസം വരെയുള്ള പാക്കേജുകൾ തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ഉദ്ദേശിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ